വി.എ കബീർ

# പർവേസും ബർഖും: ഹദീസ്നിഷേധത്തിന്റെ വ്യത്യസ്ത മുഖങ്ങൾ



**സ്വാതന്ത്ര്യപൂർവകാലഘട്ടത്തിൽ** രൂപംകൊണ്ട രാഷ്ട്രീയ-സാംസ്കാരിക സംഘർഷങ്ങൾ അവിഭക്ത ഇന്ത്യയിലെ മുസ്ലിം ധിഷണയെ പലതലത്തിലും സ്വാധീനിക്കുകയുണ്ടായി. യൂറോപ്യൻ ജ്ഞാനോദയത്തിന്റെ വെളിച്ചത്തിൽ പരമ്പരാഗത വിശ്വാസപ്രമാണങ്ങൾ പൊളിച്ചെഴുതാനുള്ള പ്രവണത ഉപഭൂഖണ്ഡത്തിലെ ഇസ്ലാമിക പരിസരം അക്കാലത്ത് അനുഭവിച്ച സംത്രാസത്തിന്റെ പ്രതിഫലനമായിരുന്നു. അധിനിവേശ സംസ്കാരത്തോടുള്ള സമുദായത്തിനകത്തെ പ്രതിപ്രവർത്തനം മൂന്ന് വിധത്തിലായിരുന്നു. ആധുനികതയെ തിരസ്കരിച്ചുകൊണ്ട് പാരമ്പര്യത്തിൽ ഊന്നുന്നതായിരുന്നു ഒരു നിലപാട്. പൈതൃകത്തെ കൈയൊഴിക്കാതെ ത്യാജ്യഗ്രാഹ്യ വിവേചനത്തോടെ ആധുനികതയെ ഉൾക്കൊള്ളുക എന്നതായിരുന്നു മറ്റൊരു സമീപനം. അടിസ്ഥാന പ്രമാണങ്ങളെ ആത്മനിഷ്ഠമായി വ്യാഖ്യാനിച്ചും ചിലപ്പോൾ പൊളിച്ചെഴുതിയും തിരസ്കരിച്ചും ആധുനികതയെ അതേപടി പകർത്തുന്നതിൽ ഉത്സുകരായവരും കൂട്ടത്തിലുണ്ടായിരുന്നു. ചിന്താരംഗത്തും രാഷ്ട്രീയ-സാംസ്കാരിക രംഗത്തും തിളച്ചുമറിയലിന്റെ കാലമായിരുന്നു അത്. സമുദായത്തിന്റെ സ്വത്വ പുനർനിർമാണവുമായി ബന്ധപ്പെട്ട ഈ അന്വേഷണങ്ങൾ പല പുതിയ ചിന്തകൾക്കും ബീജാധാനം ചെയ്തു. ആത്മനിഷ്ഠവ്യാഖ്യാനങ്ങൾക്ക് സുഗമമാർഗം തുറന്നുകൊടുക്കുമെന്നതിനാൽ സുന്നത്തിന്റെ -പ്രവാചകാധ്യാപനങ്ങൾ- പ്രാമാണികത നിഷേധിക്കുന്നതിലേക്കാണ് ഈ അന്വേഷണങ്ങൾ ചിലരെ നയിച്ചത്. ഈ പ്രവണതയെ ഒരു പ്രസ്ഥാനമായി വളർത്തിയെടുക്കുന്നതിൽ പ്രസ്താവ്യമായ പങ്കുവഹിച്ച രണ്ട് വ്യക്തിത്വങ്ങളായിരുന്നു ഗുലാം അഹ്മദ് പർവേസും ഗുലാം ജീലാനി ബർഖും. മതവിജ്ഞാനത്തിൽ അടച്ചുറപ്പി

ല്ലാത്ത ആധുനിക വിദ്യാഭ്യാസം സിദ്ധിച്ച തലമുറയിലെ ഗണ്യമായൊരു വിഭാഗത്തെ സ്വാധീനിക്കാൻ വശ്യമായ അവരുടെ തൂലികാ വൈഭവത്തിനു സാധിക്കുകയുണ്ടായി. രണ്ടുപേരും ഇന്തോ-പാക് ഉപഭൂഖണ്ഡത്തിലെ ഹദീസ് നിഷേധ പ്രസ്ഥാനത്തിന്റെ സ്ഥാപകരായാണ് അറിയപ്പെടുന്നത്. എന്നാൽ പലർക്കും അറിയാത്ത കൗതുകകരമായ ഒരു വസ്തുതയുണ്ട്. പർവേസ് തന്റെ വിശ്വാസപ്രമാണങ്ങളിൽ അന്ത്യംവരെ ഉറച്ചുനിന്നപ്പോൾ ബർഖ് മരിക്കുന്നതിന്റെ 10 വർഷം മുമ്പ് സ്വന്തം ചിന്താഗതികളിൽനിന്ന് പിൻവാങ്ങിയിരുന്നു എന്നതാണത്.

### പർവേസിന്റെ അരങ്ങേറ്റം

ഗുരുദാസ്പൂർ നിവാസിയായ പർവേസ് എഴുത്തിന്റെ ലോകത്തിലേക്ക് കടന്നുവരുന്നത് 1925-ലാണ്. മൗദൂദിയുടെ *തർജുമാനുൽ ഖുർആൻ*, അഅ്സംഗഢിൽനിന്ന് പ്രസിദ്ധീകരിച്ചിരുന്ന വൈജ്ഞാനിക മാഗസിനായ *മആരിഫ്* എന്നിവയിൽ ലേഖനം എഴുതിക്കൊണ്ടായിരുന്നു അരങ്ങേറ്റം. എന്നാൽ, അബുൽകലാം ആസാദിന്റെ ഖുർആൻ വ്യാഖ്യാനമായ *തർജുമാനുൽ ഖുർആ*ന്റെ ഒന്നാം പതിപ്പിന് എഴുതിയ നിരൂപണമാണ് പർവേസിന് വ്യാപകമായ പ്രശസ്തി നേടിക്കൊടുത്തത്. 'മതങ്ങളുടെ ഏകത' എന്ന ആസാദിന്റെ സിദ്ധാന്തത്തെ നിശിതമായി അപഗ്രഥിക്കുന്ന ഈ നിരൂപണം പുതിയൊരു ഖുർആൻ വ്യാഖ്യാതാവിന്റെ താരോദയമായാണ് കൊണ്ടാടപ്പെട്ടത്. പക്ഷേ, 1938-ൽ നദീർ നിയാസിയോടൊപ്പം ചേർന്ന് *തുലൂഎ ഇസ്‌ലാം* പ്രസിദ്ധീകരണം ആരംഭിച്ചതോടെ ലോകം കണ്ടത് വ്യത്യസ്തനായൊരു പർവേസിനെയായിരുന്നു. *തുലൂഎ ഇസ്‌ലാമി*ന്റെ ആദ്യലക്കം പുറത്തിറങ്ങിയത് ഇഖ്ബാലിന്റെ മുഖചിത്രത്തോടെയായിരുന്നു. എന്നാൽ ഇഖ്ബാലിന്റെ ആശയഗതിയുമായി പത്രത്തിനു ഒരു പൊരുത്തവുമില്ലായിരുന്നു. തികച്ചും വ്യത്യസ്തമായ ഒരു പ്രതിനിധാനമായിരുന്നു *തുലൂഇ*ന്റേത്. ഖാദിയാനികളെപ്പോലെ മുസ്‌ലിംലീഗിന്റെ ഉറച്ച അനുഭാവിയായിരുന്നു പർവേസും എന്നതാണ് ഇവിടെ അനുസ്മരിക്കേണ്ട കൗതുകകരമായ മറ്റൊരു സംഗതി.

ജോലിത്തിരക്കും മറ്റുചില താൽപര്യങ്ങളും കാരണം നദീർ നിയാസി *തുലൂഇ*ൽ അധികകാലം തുടർന്നില്ല. എങ്കിലും പർവേസ് തനിച്ച് *തുലൂഇ*ന്റെ പ്രവർത്തനവുമായി മുന്നോട്ടു പോയി. 1941-ൽ *മആരിഫുൽ ഖുർആൻ* പ്രസിദ്ധീകരിച്ചതോടെയാണ് പർവേസിന്റെ ചിന്തകൾ വായനക്കാരുടെ മുമ്പിൽ വ്യക്തമായ രൂപത്തിൽ വന്നുതുടങ്ങിയത്. അത്യന്തം ആകർഷകമായ ശൈലി പർവേസിന്റെ എടുത്തോതേണ്ട സവിശേഷതയായിരുന്നു. അതിനാൽ അഭ്യസ്തവിദ്യരായ വായനാസമൂഹത്തെ പെട്ടെന്ന് കയ്യിലെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു.

**കവിയും എഴുത്തുകാരനുമായ മാഹിറുൽ ഖാദിരി പർവേസ് ചിന്തകളെ കുറിച്ചു മൗലാനാ മൗദൂദിയുമായി നിരന്തരം എഴുത്തുകുത്തുകൾ നടത്തികൊണ്ടിരുന്നു. പർവേസ് ചിന്തകളെ പ്രതിരോധിക്കാൻ മൗദൂദിയുടെ തൂലികക്കേ സാധിക്കൂ എന്ന് മാഹിറുൽ ഖാദിരി ഉറച്ചു വിശ്വസിച്ചു. പർവേസിനെ കുഫ്ർ മുദ്രകുത്തി ഇതിനകം യാഥാസ്ഥിതിക വിഭാഗം നിരവധി പുസ്തകങ്ങൾ പുറത്തിറക്കിയിരുന്നു. എന്നാൽ അവയൊന്നും വേണ്ടത്ര നിലവാരം പുലർത്തുന്നതോ പർവേസിന്റെ കിടയറ്റ ശൈലിയെ അതിജയിക്കാൻ കരുത്തുറ്റതോ അഭ്യസ്തവിദ്യരുമായി ബുദ്ധിപരമായി സംവദിക്കുന്നതോ ആയിരുന്നില്ല. ഇതിനിടെയാണ് പർവേസ് സ്കൂളിലെ ബുദ്ധിജീവികളിലൊരാളായ ഡോ. അബ്ദുൽ വദൂദ്, മൗദൂദിയുമായി സുന്നത്ത് വിഷയകമായി ദീർഘമായ കത്തിടപാടു തുടങ്ങിയത്.**

### പാകിസ്താനിൽ

വിഭജനാനന്തരം പർവേസിന്റെ പ്രവർത്തനമണ്ഡലം പാകിസ്താനിലായി.

പാകിസ്താനിലെത്തിയതോടെ പർവേസിന്റെ സഹകാരീ വൃത്തം കൂടുതൽ വികസിച്ചു. അല്ലാമാ തമന്നാ ഇമാദീ, മൗലാനാ ഉമർ അഹ്മദ് ഉസ്മാനീ എന്നീ രണ്ടു പണ്ഡിതന്മാർ കൂടി ഇക്കാലത്ത് അദ്ദേഹത്തോടൊപ്പം ചേർന്നു. അറുപതിനായിരം ഹദീസുകൾ മനഃപാഠമുള്ള വ്യക്തിയായിരുന്നു അല്ലാമാ തമന്നാ ഇമാദീ. ഹദീസ് നിദാനശാസ്ത്രത്തിൽ *അസ്മാഉർരിജാൽ* എന്ന പേരിൽ അറിയപ്പെടുന്ന റിപ്പോർട്ടർമാരുടെ ജീവചരിത്രശാഖയിൽ വ്യുൽപത്തി നേടിയ മറ്റൊരാളും അദ്ദേഹത്തിനു സമശീർഷനായി അക്കാലത്ത് ഇന്തോ ഉപഭൂഖണ്ഡത്തിലുണ്ടായിരുന്നില്ലത്രെ. അറബി ഭാഷക്ക് പുറമെ എബ്രായ ഭാഷയിലും നല്ല പിടിപാടുണ്ടായിരുന്നു അദ്ദേഹത്തിന്. ഖുർആനികവിജ്ഞാനീയത്തിലാകട്ടെ അതിന്റെ എല്ലാ ശാഖകളിലും അഗാധജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു. പ്രസിദ്ധ മതപണ്ഡിതന്മാരായ അല്ലാമാ ശബീർ അഹ്മദ് ഉസ്മാനിയുടെ പേരക്കുട്ടിയും മൗലാനാ സഫർ അഹ്മദ് ഉസ്മാനിയുടെ മകനും എന്നതായിരുന്നു മൗലാനാ അഹ്മദ് ഉമർ ഉസ്മാനിയുടെ പ്രത്യേകത. ഈ നിലവാരത്തിലുള്ള രണ്ടുവ്യക്തിത്വങ്ങളുടെ സഹകരണം പർവേസിന്റെ പ്രസ്ഥാനത്തിന് ആക്കം നൽകിയ പ്രധാനഘടകമായിരുന്നു.

ഖുർആൻ ഭാഷാ സംബന്ധിയായി മൗലാനാ ഉമർ അഹ്മദ് ഉസ്മാനീ രചിച്ച *ലുഗാത്തുൽ ഖുർആൻ*, അദ്ദേഹം ഹദീസ് നിഷേധിയാണെന്ന കാരണത്താൽ മുദ്രണം ചെയ്യാൻ ഒരു പ്രസാധനാലയവും സന്നദ്ധമാവുകയുണ്ടായില്ല. ഒടുവിൽ പർവേസിന്റെ പേർ വയ്ക്കുക എന്ന നിബന്ധനയോടെ *തുലൂഎ ഇസ്‌ലാം* ആണ് അത് പ്രസിദ്ധീകരിച്ചത്. ഈ കൃതി പർവേസിന്റെ വൈജ്ഞാനിക താരപരിവേഷത്തിന് ഒന്നുകൂടി മാറ്റുകൂട്ടാൻ സഹായകമായിത്തീർന്നു.

*മഫ്ഹൂമുൽ ഖുർആൻ, മതാലിബുൽ ഖുർആൻ, തബ്‌വീബുൽ ഖുർആൻ* എന്നീ കൃതികളുടെ രചനക്കാവശ്യമായ ആയിരക്കണക്കിൽ പേജുവരുന്ന മാറ്ററുകൾ പർവേസിന് വേണ്ടി ശേഖരിച്ചുകൊടുത്തത് അല്ലാമാ തമന്നാ ഇമാദീയായിരുന്നു. എന്നാൽ ഈ കൃതികളിലൊന്നും തന്നെ അത്തരം ഒരു കടപ്പാട് രേഖപ്പെടുത്തുന്നതിൽ പർവേസ് ഒട്ടും ശുഷ്കാന്തി കണിക്കുകയുണ്ടായില്ല. 1938 മുതൽ 1980 വരെ പർവേസ് 150-ഓളം ലഘുകൃതികളും 75 ഗ്രന്ഥങ്ങളുമായി രണ്ട് ലക്ഷം പേജുകൾ എഴുതിക്കൂട്ടുകയുണ്ടായി. ആയിരക്കണക്കിൽ പ്രസംഗങ്ങൾക്ക് പുറമെയാണിത്.

പാശ്ചാത്യ വിദ്യാഭ്യാസം സിദ്ധിച്ച സമൂഹത്തിൽ പർവേസിനു വേരോട്ടം നൽകാൻ സഹായിച്ച പ്രധാനകൃതി അദ്ദേഹത്തിന്റെ *ഇൻസാൻ നെ ക്യാ സോചാ* (മനുഷ്യൻ ചിന്തിച്ച

ത്) എന്ന കൃതിയായിരുന്നു. പാശ്ചാത്യ ചിന്തകന്മാരിലൂടെ ഇസ്‌ലാമിക ചിന്തയിലേക്കാനയിക്കുന്ന ഒരു രീതിയാണ് ഈ കൃതിയിൽ അദ്ദേഹം സ്വീകരിച്ചിട്ടുള്ളത്.

### ഖുർആൻവിജ്ഞാനീയത്തിനു മുതൽക്കൂട്ട്

പർവേസിന്റെ ഹദീസ്നിഷേധ ചിന്തകൾ മറ്റൊരു വിധത്തിൽ ഖുർആൻവിജ്ഞാനീയത്തിനു മുതൽക്കൂട്ടാകുന്ന സംഭാവനകൾക്ക് സഹായകമാവുകയുണ്ടായി. വികടസ്വഭാവത്തിൽനിന്ന് അവ പൂർണമുക്തമല്ലെങ്കിലും ഇതിൽ എടുത്തുപറയത്തക്ക പ്രാധാന്യമുള്ള കൃതിയാണ് 1516 പേജ് വരുന്ന ഖുർആന്റെ വിഷയാധിഷ്ഠിത ക്രോഡീകരണമായ *തബ്‌വീബുൽ ഖുർആൻ*. 1920-ൽ മൗലവി മുംതാസ് അലി ദയൂബന്ദി *ഖുർആൻ ഇൻഡക്സ്* എന്ന ശീർഷകത്തിൽ ഇതുപോലൊരു സംരംഭം തുടങ്ങിയിരുന്നെങ്കിലും അത് പൂർത്തീകരിക്കാൻ സാധിച്ചിരുന്നില്ല. പർവേസിനു *തബ്‌വീബുൽ ഖുർആൻ* രചിക്കാനുള്ള പ്രചോദനം ലഭിക്കുന്നത് ഈ കൃതിയിൽ നിന്നാണ്.

പാകിസ്താനിലെ കറാച്ചിയിലായിരുന്നു വളരെകാലം പർവേസിന്റെ സ്ഥിരവാസം. സാംസ്കാരിക നായകന്മാരടക്കം ഗണ്യമായൊരു വിഭാഗം അഭ്യസ്തവിദ്യരെ വശ്യമായ ശൈലിയിലൂടെ തന്റെ വലയത്തിലാക്കുന്നതിൽ തുടക്കത്തിൽ അദ്ദേഹം വിജയിക്കുകയുണ്ടായി. എന്നാൽ അധികകാലം അത് നീണ്ടുനിൽക്കുകയുണ്ടായില്ല. പർവേസ്ചിന്തകളുടെ അപചയത്തിനും കറാച്ചിതന്നെ സാക്ഷ്യം വഹിക്കുകയുണ്ടായി.

സാംസ്കാരിക രംഗത്ത് അറിയപ്പെട്ടിരുന്ന അബുൽ ഖൈർ കശ്ഫി, പർവേസിന്റെ സ്വാധീനത്തിൽപെട്ട വ്യക്തികളുടെ കൂട്ടത്തിലൊരാളായിരുന്നു. മൗലാനാ അയ്യൂബ് ദഹ്‌ലവിയുമായി നടന്ന ഒരു കൂടിക്കാഴ്ചയെതുടർന്നാണ് കശ്ഫി ഒരു വീണ്ടുവിചാരത്തിന് വിധേയനാകുന്നത്. *ഗുലാം അഹ്മദ് പർവേസ്-ഏക് തൻഖീദി ജാഇസ*' എന്ന 400 പേജുള്ള കശ്ഫിയുടെ പർവേസ്‌വിമർശനം ഇതിന്റെ ഫലമായിരുന്നു. പർവേസ് ചിന്തകളുടെ ഒരു പോസ്റ്റ്മോർട്ടമായിരുന്നു കശ്ഫിയുടെ ഈ പുസ്തകം. പുസ്തകം പ്രസിദ്ധീകരിക്കാൻ നൽകിയത് ഹസനൈൻ കാസിമിയെയായിരുന്നു. കാസിമി അത് സ്വന്തംപേരിൽ അച്ചടിച്ച് അതിന്റെ ക്രെഡിറ്റ് സ്വന്തമാക്കുകയാണുണ്ടായത്. കശ്ഫി വളരെ മാന്യനായിരുന്നതിനാൽ അതിന്റെ പേരിൽ വഴക്കിനൊന്നും പോയില്ല.

### മൗദൂദിയുടെ ഇടപെടൽ

കവിയും എഴുത്തുകാരനുമായ മാഹിറുൽ ഖാദിരി പർവേസ്ചിന്തകളെ കുറിച്ചു മൗലാനാ മൗദൂദിയുമായി നിരന്തരം എഴുത്തുകുത്തുകൾ നടത്തികൊണ്ടിരുന്നു. പർവേസ് ചിന്തകളെ പ്രതിരോധിക്കാൻ മൗദൂദിയുടെ തൂലികക്കേ സാധിക്കൂ എന്ന് മാഹിറുൽ ഖാദിരി ഉറച്ചു വിശ്വസിച്ചു. പർവേസിനെ കുഫ്ർ മുദ്രകുത്തി ഇതിനകം യാഥാസ്ഥിതിക വിഭാഗം നിരവധി പുസ്തകങ്ങൾ പുറത്തിറക്കിയിരുന്നു. എന്നാൽ അവയൊന്നും വേണ്ടത്ര നിലവാരം പുലർത്തുന്നതോ പർവേസിന്റെ കിടയറ്റ ശൈലിയെ അതിജയിക്കാൻ കരുത്തുറ്റതോ അഭ്യസ്തവിദ്യരുമായി ബുദ്ധിപരമായി സംവദിക്കുന്നതോ ആയിരുന്നില്ല. ഇതിനിടെയാണ് പർവേസ്സ്കൂളിലെ ബുദ്ധിജീവികളിലൊരാളായ ഡോ. അബ്ദുൽ വദൂദ്, മൗദൂദിയുമായി സുന്നത്ത് വിഷയകമായി ദീർഘമായ കത്തിടപാടു തുടങ്ങിയത്. *മൻസബെ രിസാലത്* എന്ന പേരിൽ *തർജുമാനുൽ ഖുർആൻ* അതിന്റെ ചരിത്രത്തിലാദ്യമായി പ്രസിദ്ധീകരിച്ച 400 പേജുവരുന്ന പ്രത്യേക പതിപ്പിൽ ഈ കത്തിടപാടു മുഴുവൻ പ്രസിദ്ധീകരിച്ചു. *സുന്നത്ത് കീ ആയീനീ ഹൈസിയത്* (സുന്നത്തിന്റെ പ്രാമാണികത) എന്ന ശീർഷകത്തിൽ പിന്നീടത് ഗ്രന്ഥരൂപത്തിലും പ്രസിദ്ധീകരിക്കുകയുണ്ടായി. അത്യന്തം കുലീനമായ ശൈലിയിൽ പർവേസ്ചിന്തകൾക്ക് മറുപടി പറയുന്ന ഈ പുസ്തകത്തിന് അക്കാദമിക വൃത്തങ്ങളിൽ വൻ സ്വീകാര്യതയാണ് ലഭിച്ചത്.

നാനാഭാഗത്തുനിന്നുമുള്ള നിശിതമായ എതിർപ്പുകളൊന്നും പർവേസിനെ തന്റെ മാർഗത്തിൽനിന്ന് പിന്തിരിപ്പിച്ചില്ല. '73-ൽ അദ്ദേഹം *ഗാഹ്കാറെ രിസാലത്ത്* പ്രസിദ്ധീകരിച്ചു. ഇതുവായിച്ച പ്രസിദ്ധകവി ശോരിശ് കശ്മീരി പോലും "ഇസ്‌ലാമിക ചിന്തകളുടെ കർബലയിൽ ഹുസൈനീ സാർഥവാഹക സംഘത്തിന്റെ ശബ്ദമാണ് പർവേസ്; അദ്ദേഹത്തിനെതിരെയുള്ള മതവിധി പണ്ഡിതന്മാർ പിൻവലിക്കേണ്ടതാണ്" എന്ന് എഴുതുകയുണ്ടായി. പർവേസിന്റെ ശൈലിയുടെ പ്രത്യേകതയാണത്. ശോരിശ് കശ്മീരിയെ മൗദൂദി വീട്ടിലേക്ക് ക്ഷണിച്ചുവരുത്തി സംസാരിച്ചതിൽപിന്നെയാണ് അദ്ദേഹം തന്റെ നിലപാടു തിരുത്തിയത്. 1903-ൽ ജനിച്ച പർവേസ് 1985-ൽ നിര്യാതനായി.

### ജീലാനീ ബർഖ്

ഒരു പുസ്തകത്തിന് എതിരെ 111 പുസ്തകങ്ങളും 1640 ലഘുലേഖകളും പുറത്തിറങ്ങുക. അത്തരം അപൂർവ സവിശേഷതയുള്ള പുസ്തകം എഴുതിയ വ്യക്തിയാണ് ഗുലാം ജീലാനി ബർഖ്. പുസ്തകത്തിന്റെ ശീർഷകം *ദോ ഇസ്‌ലാം*. പർവേസിന്റെ സമകാലീനനും സമാനാശയഗതിക്കാരനുമായിരുന്നു ബർഖ്. എന്നാൽ ഹദീസ്നിഷേധികളുടെ മുൻപന്തിയിലുണ്ടായിരുന്ന ബർഖ് പർവേസിനെപ്പോലെ അന്ത്യംവരെ അതിൽ ഉറച്ചുനിന്നില്ല. മരിക്കുന്നതിന് 10 വർഷം മുമ്പ് അതിൽനിന്ന് അദ്ദേഹം പശ്ചാത്തപിക്കുകയും തദ്വിഷയകമായുള്ള തന്റെ പുസ്തകങ്ങളുടെ പുനഃപ്രസിദ്ധീകരണം വിലക്കുകയുമുണ്ടായി.

പർവേസ് ജനിക്കുന്നതിനു രണ്ട് വർഷം മുമ്പ് 1901 ഒക്ടോബറിലാണ് ബർഖിന്റെ ജനനം. 1985-ൽ പർവേസ് ഇഹലോകവാസം വെടിഞ്ഞു ഒരാഴ്ചക്കകം ബർഖും ജീവിതത്തോടു വിടപറഞ്ഞു.

പർവേസിനെപ്പോലെ പരന്ന വിജ്ഞാനവും ആഴത്തിലുള്ള അപഗ്രഥനവുമില്ലെങ്കിലും തനത് ശൈലിയുടെ ദൃശ്യമനോഹാരിതകൊണ്ട് വായനക്കാരുടെ ഹൃദയം കയ്യിലെടുത്ത ഗ്രന്ഥകാരനായിരുന്നു ബർഖ്. അക്കാലത്ത് അദ്ദേഹത്തിന്റെ കൃതികൾ ചൂടപ്പം പോലെയാണ് വിറ്റിരുന്നത്. ലാഹോറിലെ ഒരു പുസ്തകശാല ബർഖിന്റെ പുസ്തകവിൽപനയിലൂടെ കോടികൾ സമ്പാദിച്ചതായി പറയപ്പെടുന്നു. എന്നാൽ ഈ പുസ്തകങ്ങളുടെയൊന്നും റോയൽറ്റി യഥാവിധി അദ്ദേഹത്തിനു ലഭിച്ചിരുന്നില്ല. 1979-ൽ എഴുത്തിന്റെ ലോകത്തുനിന്നുതന്നെ അദ്ദേഹം വിടപറഞ്ഞതായിരുന്നു. എങ്കിലും *മക്തബെ ഗാഹ്കാരി*ന്റെ പോക്കറ്റ് പുസ്തക പദ്ധതിക്കായി ഖാസിം മഹ്മൂദിന്റെ നിർബന്ധപ്രകാരം *എന്റെ അവസാനത്തെ പുസ്തകം* എന്ന പേരിൽ ഒരു പുസ്തകം അദ്ദേഹം രചിക്കുകയുണ്ടായി. നാലു എഡിഷനുകളിലായി ഈ പുസ്തകവും വളരെവേഗം വിറ്റുതീർന്നു.

### മതപാഠശാലയുടെ സന്തതി

അടക്കിൽനിന്ന് 20 നാഴിക ദൂരെ ലബാലി എന്ന അറിയപ്പെടാത്ത ഗ്രാമത്തിൽ ജനിച്ച ബർഖിന്റെ മാതാപിതാക്കൾ നിരക്ഷരരായിരുന്നു. എങ്കിലും അദ്ദേഹത്തിന്റെ സഹോദരന്മാരായ നൂറുൽ ഹഖും ഗുലാം റബ്ബാനി അസീസും ദയൂബന്തിലെ ദാറുൽ ഉലൂമിൽ പഠനം പൂർത്തിയാക്കിയവരായിരുന്നു. സഹോദരന്മാരെ പോലെ ബർഖും വിദ്യതേടി ഗ്രാമത്തിൽനിന്ന് പുറത്തേക്ക് യാത്രയായി. സാഹചര്യം അദ്ദേഹത്തെ കൊണ്ടെത്തിച്ചത് പരമ്പരാഗതചിന്തകളുടെ വിരുദ്ധ ദിശയിലേക്കായിരുന്നു. അന്ധമായ മതപൗരോഹിത്യത്തിൽനിന്ന് നേരിടേണ്ടിവന്ന ദുരനുഭവങ്ങളായിരുന്നു അതിന്റെ മുഖ്യഹേതുകങ്ങളിൽ ഒന്ന്.

ലാഹോറിലെ നീലാഗുൻബന്ദ് മസ്ജിദിലെ ഹമീദിയ മദ്റസയിൽനിന്നാണ് അദ്ദേഹത്തിന്റെ മതപഠനം ആരംഭിക്കുന്നത്. മതത്തോടു തന്നെ പ്രതികാര മനോഭാവം സൃഷ്ടിക്കുന്നതായിരുന്നു അവിടുത്തെ പഠനാന്തരീക്ഷം. പിന്നീട് ഡോ. മുഹമ്മദ് ശഫീഅ്, ഗുലാം മുർശിദ്, ഹാഫിസ് മഹ്മൂദ് ശീറാനി, ഡോ. തഅ്സീർ, അസ്ഗർ അലി റൂഹി, മൗലാനാ സഫർ ഇഖ്ബാൽ തുടങ്ങിയ പ്രഗത്ഭപണ്ഡിതന്മാർ അദ്ദേഹത്തിന്റെ ഗുരുജനങ്ങളായിവന്നു. കേണൽ മുഹമ്മദ് ഖാൻ, ഫതഹ് മുഹമ്മദ് മലിക്, അബ്ദുൽബാരി ഖാലിദ്, അഹ്മദ് നദീം ഖാസിമി, മനുഭായി, ഡോ. അബ്ദുൽ ഹമീദ് ഇർഫാനി, ഡോ. ഗുലാം സർവർ തുടങ്ങിയ പ്രഗത്ഭരെ ശിഷ്യന്മാരായി ലഭിച്ചു എന്നത് ബർഖിന്റെ അഭിമാനമായിരുന്നു. നിയാസ് ഫതേഹ്പൂരിയുടെ ലേഖനങ്ങളാണ് ബർഖിൽ വിമത ചിന്തകൾക്ക് ചിറക് വച്ചുകൊടുത്തത്.

### എഴുത്തിന്റെ തുടക്കം

1925-ലാണ് ബർഖ് എഴുതിത്തുടങ്ങുന്നത്. *മആരിഫ്*, *തർജുമാനുൽ ഖുർആൻ* എന്നീ അക്കാദമിക പ്രസിദ്ധീകരണങ്ങളിലായിരുന്നു പർവേസിന്റെ അരങ്ങേറ്റമെങ്കിൽ ഹദീസ് നിഷേധികളുടെ മുഖപത്രങ്ങളായ *അൽ ബയാൻ*, *ലക്നോ* എന്നിവയിലൂടെയായിരുന്നു ബർഖിന്റെ തൂലികാ വിലാസത്തിന്റെ തുടക്കം. വളരെ പെട്ടെന്ന് തന്നെ ബർഖ് വായനക്കാരുടെ സ്വീകാര്യത നേടിയെടുത്തു. യുവമനസ്സുകളെ അനായാസം വശീകരിക്കുന്നതായിരുന്നു ബർഖിന്റെ ഭാഷാ ശൈലി. ഇക്കാലത്ത് തന്നെയാണ് അദ്ദേഹം സിക്കന്ദർ ഹയാത്തിന്റെ ജീവചരിത്രം എഴുതിയത്. പ്രസിദ്ധീകരണത്തിന് മുമ്പ് അതിന്റെ കരട് സിക്കന്ദർ ഹയാത്തിനെ കാണിച്ചു. അതു വായിച്ച് മൂന്നാം ദിവസം സിക്കന്ദർ ഹയാത്ത് ജീവൻ വെടിഞ്ഞുവെന്നാണ് പറയപ്പെടുന്നത്. പിന്നീടത് കാണാതാവുകയായിരുന്നു.

### ഇബ്നു തൈമിയയെ കുറിച്ച തിസീസ്

1939-ൽ ഡോക്ടറേറ്റിനായി ഇബ്നു തൈമിയയെ കുറിച്ച് ബർഖ് ഗവേഷണ പ്രബന്ധം എഴുതി. ഡോ. മുഹമ്മദ് ശഫീഅ് ആയിരുന്നു പരിശോധകൻ. പക്ഷേ, പ്രബന്ധത്തിന് ഡോ. ശഫീഅ് അംഗീകാരം നൽകിയില്ല. പിന്നീടത് പഞ്ചാബ് യൂനിവേഴ്സിറ്റിയുടെ പരിഗണനക്കായി സമർപ്പിച്ചു, ബർഖിനു ഡോക്ടറേറ്റ് ലഭിക്കുകയും ചെയ്തു. 1940-ൽ ഇതിന്റെ ഉർദു വിവർത്തനം മക്തബ ഉർദു പുറത്തിറക്കുകയും ഇതിനെക്കുറിച്ചുള്ള ഒരു നിരൂപണം മൗദൂദി *തർജുമാനുൽ ഖുർആനിൽ* എഴുതി പ്രസിദ്ധീകരിക്കുകയുമുണ്ടായി. ഡോക്ടറേറ്റ് സിദ്ധിച്ച ശേഷമാണ് ബർഖ് മുഴുസമയ ഗ്രന്ഥരചനയിലേക്ക് തിരിച്ചുവന്നത്.

### 'രണ്ട് ഇസ്ലാം'

1948-ൽ ഏറ്റവുമധികം വിവാദം സൃഷ്ടിച്ച *ദോ ഇസ്ലാം* (രണ്ട് ഇസ്ലാം) പുറത്തിറങ്ങി. ഖുർആനും പ്രവാചകനും കൊണ്ടുവന്ന ഇസ്ലാമും മുല്ലമാരുടെ ഇസ്ലാമും- ഇങ്ങനെ രണ്ട് ഇസ്ലാം ഉണ്ടെന്നാണ് ഈ കൃതിയിലെ പ്രമേയം. വളരെ രൂക്ഷമായ ഭാഷയിൽ ഈ പുസ്തകത്തിൽ ബർഖ് മതപുരോഹിതന്മാരെ വിമർശിക്കുന്നുണ്ട്. ഹദീസുകളും ഇസ്ലാമിക ചരിത്രം തന്നെയും നിരാകരിക്കുന്ന നിലപാടാണു ബർഖ് ഇതിൽ സ്വീകരിച്ചു കാണുന്നത്. ഇസ്ലാംവിരോധികൾക്കിടയിൽ പുസ്തകത്തിനു വൻ പ്രചാരം ലഭിച്ചു. *നിഗാറിൽ* നിയാസ് ഫതേഹ്പൂരി പുസ്തകത്തെ പ്രശംസിച്ചുകൊണ്ട് 105 പേജ് വരുന്ന നിരൂപണമാണ് എഴുതിയത്. *അൽ ബയാന്റെ* ഒരു ലക്കത്തിൽ പുസ്തകം പൂർണമായി പ്രസിദ്ധീകരിച്ചു. കൽക്കത്തയിലെ *അസ്റെ ജദീദിലും* പ്രശംസാപൂർവം പുസ്തകം നിരൂപണം ചെയ്യപ്പെട്ടു. പുസ്തകത്തിനു രണ്ടു മാസത്തിനകം നാലു എഡിഷനുകളുണ്ടായി.

നേരത്തേ സൂചിപ്പിച്ച പോലെ നൂറുകണക്കിൽ പുസ്തകങ്ങളും ആയിരക്കണക്കിൽ ലഘുലേഖകളും ഈ കൃതിക്കെതിരെ ഇറങ്ങുകയുണ്ടായെങ്കിലും അവയിൽ മിക്കതും വൈകാരിക വിക്ഷോഭം ശമിപ്പിക്കുന്ന ശകാരവർഷങ്ങളായിരുന്നു. *മആരിഫ, തർജുമാനുൽ ഖുർആൻ, ബുർഹാൻ* എന്നീ മാസികകളിൽ വന്ന നിരൂപണ പഠനങ്ങൾ മാത്രമായിരുന്നു അപവാദം. ഖാരി മുഹമ്മദ് ത്വയ്യിബിന്റേതായിരുന്നു എടുത്തോതത്തക്ക മറ്റൊരു വിമർശനം. ഈ വിമർശനകൃതിയിൽ *ദോ ഇസ്ലാമിലെ* അബദ്ധങ്ങൾ ഒന്നൊന്നായി വിശകലനം ചെയ്തുകൊണ്ട് വസ്തുനിഷ്ഠമായ സമീപനമാണ് മൗലാനാ ഖാരി ത്വയ്യിബ് സ്വീകരിച്ചിട്ടുള്ളത്.

*ദോ ഇസ്ലാമിന്റെ* പ്രസിദ്ധീകരണത്തോടെ ഹദീസ്നിഷേധികളായ *തുലൂഹെ ഇസ്ലാം* ഗ്രൂപ്പിലേക്ക് ബർഖ് സ്വാഗതം ചെയ്യപ്പെട്ടത് സ്വാഭാവികം. അതുവരെ ആരാലും അറിയപ്പെടാതെ കഴിഞ്ഞിരുന്ന ബർഖ് ഈ പുസ്തകത്തിന്റെ പ്രസാധനത്തോടെ പ്രസിദ്ധനായിത്തീർന്നു. അതോടെ ആനുകാലികങ്ങളിൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ നിരന്തരം പ്രത്യക്ഷപ്പെടാൻ തുടങ്ങി.

1961-ൽ ബർഖിന്റെ *മൻ കീ ദുൻയാ* എന്ന പുസ്തകം പുറത്തിറങ്ങി. വായിച്ചുതുടങ്ങിയാൽ മുഴുവനാക്കാതെ മാറ്റിവെക്കാൻ കഴിയാത്തത്ര ആകർഷണീയമായ ശൈലിയിൽ എഴുതപ്പെട്ട ഈ കൃതിയുടെ ഉള്ളടക്കം പാശ്ചാത്യ ദേശങ്ങളിലെ ആത്മീയ ദാഹവും അവിടത്തെ ദാർശനികന്മാരുടെ അനുഭവങ്ങളുടെ വിശകലനവുമാണ്.

### പുനർവിചിന്തനം

ജഡം, ആത്മാവ്, സ്ഥൂലലോകം, സൂക്ഷ്മലോകം, ജീവിതം-മരണം, മാലാഖമാർ, പിശാചുക്കൾ തുടങ്ങിയ വിഷയങ്ങൾ ആധുനിക ശാസ്ത്രത്തിന്റെ വെളിച്ചത്തിൽ വിശകലനം ചെയ്യുന്ന ബർഖിന്റെ ഉപര്യുക്ത കൃതി എല്ലാ വിഭാഗങ്ങളിലും പെട്ടവരെ ആകർഷിച്ചത് സ്വാഭാവികമായിരുന്നു. ഈ പുസ്തകം എഴുതിയശേഷമാണ് ബർഖിന്റെ ചിന്തയിൽ മാറ്റങ്ങൾ പ്രകടമാവാൻ തുടങ്ങിയത്. കാഗ്സാർ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ അല്ലാമാ മശ്രിഖിയുടെ *തദ്കിറ* ഈ മാറ്റത്തിൽ വലിയ പങ്ക് വഹിക്കുക

**ഒരു പുസ്തകത്തിന് എതിരെ 111 പുസ്തകങ്ങളും 1640 ലഘുലേഖകളും പുറത്തിറങ്ങുക. അത്തരം അപൂർവ സവിശേഷതയുള്ള പുസ്തകം എഴുതിയ വ്യക്തിയാണ് ഗുലാം ജീലാനി ബർഖ്. പുസ്തകത്തിന്റെ ശീർഷകം *ദോ ഇസ്ലാം*. പർവേസിന്റെ സമകാലീനനും സമാനാശയഗതിക്കാരനുമായിരുന്നു ബർഖ്. എന്നാൽ ഹദീസ്നിഷേധികളുടെ മുൻപന്തിയിലുണ്ടായിരുന്ന ബർഖ് പർവേസിനെപ്പോലെ അന്ത്യംവരെ അതിൽ ഉറച്ചുനിന്നില്ല. മരിക്കുന്നതിന് 10 വർഷം മുമ്പ് അതിൽനിന്ന് അദ്ദേഹം പശ്ചാത്തപിക്കുകയും തദ്വിഷയകമായുള്ള തന്റെ പുസ്തകങ്ങളുടെ പുനഃപ്രസിദ്ധീകരണം വിലക്കുകയുമുണ്ടായി.**

യുണ്ടായി. പിന്നീട് പ്രസിദ്ധ സാഹിത്യകാരനും കവിയുമായ ശോരിശ് കശ്മീരി, ബർഖിനെ മൗദൂദിയുമായി കത്തിടപാട് നടത്താൻ പ്രേരിപ്പിച്ചു. ഈ എഴുത്തുകുത്തും മൗലാനാ സാഹിദുൽ ഹുസൈനിയുമായുള്ള സൗഹൃദവുംകൂടിയായപ്പോൾ ഹദീസ്നിഷേധ പ്രസ്ഥാനത്തിൽനിന്ന് തീർത്തും അദ്ദേഹം വിട്ടുനിന്നു. 1975-ലായിരുന്നു ഇത്. പഴയചിന്തകൾ ഉപേക്ഷിക്കുക മാത്രമല്ല ആവിഷയകമായി അക്കാലത്ത് എഴുതിയ പുസ്തകങ്ങളുടെ പുനർമുദ്രണം തടഞ്ഞുകൊണ്ടുള്ള ഏർപ്പാടുകളും അദ്ദേഹം ചെയ്യുകയുണ്ടായി. പ്രസാധകരായ ശൈഖ് ഗുലാം അലി ആന്റ് സൺസിന് ഇത് സംബന്ധമായി വ്യക്തമായ നിർദേശങ്ങളും അദ്ദേഹം നൽകിയിരുന്നു. എന്നാൽ ഈ നിർദേശം മാനിക്കുന്നതിൽ പ്രസാധകർ ഒട്ടും ശുഷ്കാന്തി കാണിക്കുകയുണ്ടായില്ല. അവർ പുതിയ എഡിഷനുകൾ ഇറക്കിക്കൊണ്ടേയിരുന്നു. ബർഖ് അവസാന കാലത്തെഴുതിയ *താരീഖെ ഹദീസി*ന്റെ മുഖവുരയിൽ (ഹദീസ് ചരിത്രം) പൂർവ ചിന്തകളിൽനിന്ന് പിൻവാങ്ങിയ കാര്യവും *താരീഖെ ഹദീസു*മായി ഏറ്റുമുട്ടുന്ന എല്ലാ പുസ്തകങ്ങളുടെയും പ്രസിദ്ധീകരണം തടഞ്ഞ വിവരവും പ്രഖ്യാപിച്ചിട്ടുണ്ട്.

*എന്റെ അവസാനത്തെ പുസ്തകം* എന്ന ശീർഷകത്തിൽ മക്തബെ ശാഹ്ഗാറിനു വേണ്ടി എഴുതിയ പുസ്തകത്തെ കുറിച്ചു നേരത്തെ പരാമർശിച്ചിരുന്നുവല്ലോ. അതിനു ശേഷം ജീവിത യാത്രയിലെ അനുഭവങ്ങളെ ആസ്പദിച്ച് ഒരു പുസ്തകമെഴുതാൻ അദ്ദേഹം ആലോചിച്ചു. അപ്പോൾ *അവസാനത്തെ പുസ്തകം* എഴുതിക്കഴിഞ്ഞത് ഒരു സുഹൃത്ത് ഓർമിപ്പിച്ചു. *അവസാനത്തെ പുസ്തകത്തിന്റെ രണ്ടാം ഭാഗം* എന്ന് ശീർഷകം നൽകാം എന്നായിരുന്നു അതിനു ചിരിച്ചുകൊണ്ടുള്ള അദ്ദേഹത്തിന്റെ പ്രതികരണം. 1980-ൽ രോഗബാധിതനായി കിടപ്പിലായതോടെ തന്റേതായ ശൈലിയിൽ അത് എഴുതാൻ അദ്ദേഹത്തിനു സാധിച്ചില്ല. ബുദ്ധിപരമായ പ്രവർത്തനങ്ങൾക്കൊന്നും സാധ്യമാകാത്തത്ര അവശനായിരുന്നു അക്കാലത്ത് ബർഖ്. *ഇസ്ലാം പാകിസ്താൻ മേം* എന്ന കൃതിയിൽ പ്രൊഫ. ഉസ്മാനി ബർഖിന്റെ അക്കാലത്തെ ചിത്രം കോറിയിട്ടിട്ടുണ്ട്. ഈയൊരവസ്ഥയിലാണ് ആത്മകഥയായ *മേരീ ദാസ്താനെ ഹയാത്* അദ്ദേഹം എഴുതുന്നത്. പുസ്തകത്തിന്റെ കോപ്പി പ്രസിദ്ധീകരണത്തിനായി അദ്ദേഹം ലാഹോറിലെ റശീദിയ്യ പുസ്തകാലയത്തിലേക്കയച്ചു. പുസ്തകം പുനഃപരിശോധിച്ചു എഡിറ്റ് ചെയ്യണമെന്നും അപ്പടി പ്രസിദ്ധീകരിക്കുകയാണെങ്കിൽ സ്വന്തം പ്രതിച്ഛായക്ക് തന്നെ മങ്ങലേൽപിക്കുമെന്നും ചൂണ്ടിക്കാട്ടി പ്രസാധനാലയം ഉടമ ഹാഫിസ് അബ്ദുർറശീദ് റാശിദ് ബർഖിനു തന്നെ അത് തിരിച്ചയച്ചു. പുസ്തകം മാറ്റിയെഴുതാൻ ആരോഗ്യം അദ്ദേഹത്തെ അനുവദിച്ചില്ല. പിന്നീട് ശൈഖ് ഇസ്ലാം അലി അതേപടി അത് പ്രസിദ്ധീകരിച്ചു. ബർഖ് ഒടുവിൽ എഴുതിയ ഈ കൃതിയിൽ ചടുലവും വശ്യവുമായ അദ്ദേഹത്തിന്റെ ശൈലിയുടെ ചൈതന്യം കമ്മിയായിരുന്നു. എന്നാൽ ശരിയായ പാതയിൽ തിരിച്ചെത്തിയ ആത്മസംതൃപ്തിയോടെയാണ് 1985-ൽ അദ്ദേഹം ഇഹലോകവാസം വെടിഞ്ഞത്. ■